ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 22.01.2026**

## പ്രധാനവാർത്തകൾ

1. ഒരു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ തിരുവനന്തപുരത്ത് എത്തും. കേരളത്തിന് അനുവദിച്ച പുതിയ 4 ട്രെയിനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. തലസ്ഥാനത്ത് കനത്ത സുരക്ഷ
2. വികസന രംഗത്ത് കേന്ദ്ര സർക്കാർ അതിവേഗത്തിൽ മുന്നോട്ട് പോവുകയാണെന്ന് കേന്ദ്ര സഹമന്ത്രി രാംദാസ് അത് വാലെ.
3. വിഴിഞ്ഞം തുറമുഖത്തിൻറെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ നിർവഹിക്കും. ചടങ്ങിൽ കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയാകും.
4. ശബരിമല സ്വർണ്ണ അപഹരണക്കേസിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. കേസിൽ എൻ. വാസുവിൻ്റെ ജാമ്യാപേക്ഷ സുപ്രീം കോടതി തള്ളി.
5. ദീർഘകാലമായി ഉണങ്ങാത്ത മുറിവുകൾ ഉണക്കാൻ സഹായിക്കുന്ന 'കോളിഡേം' സാങ്കേതിക വിദ്യ വികസിപ്പിച്ച് തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട്
6. സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെൻറിൽ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് പഞ്ചാബിനെ പരാജയപ്പെടുത്തി കേരളം ; ഇന്ത്യ-ന്യൂസിലാൻറ് ട്വൻറി-20 പരമ്പരയിലെ രണ്ടാം മത്സരം നാളെ.

RNUTVPM

## പ്രധാനമന്ത്രി സന്ദർശനം

ഒരു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ തിരുവനന്തപുരത്ത് എത്തും. കേരളത്തിന് അനുവദിച്ച പുതിയ 4 ട്രെയിനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി പുത്തരിക്കണ്ടം മൈതാനിയിൽ നിർവഹിക്കും. തുടർന്ന് ബിജെപി സംഘടിപ്പിക്കുന്ന പരിപാടിയിലും അദ്ദേഹം പങ്കെടുക്കും. തിരുവനന്തപുരത്തിനായുള്ള നഗര വികസന രേഖയുടെ പ്രഖ്യാപനവും അദ്ദേഹം ചടങ്ങിൽ നിർവഹിക്കും.. തിരുവനന്തപുരം ബയോ ലൈഫ് സയൻസസ് പാർക്കിലെ CSIR–NIIST ഇന്നൊവേഷൻ ഹബ്ബിൻറെ ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും. പ്രധാനമന്ത്രിയുടെ സന്ദർശനത്തിനു മുന്നോടിയായി തലസ്ഥാനത്തെ സുരക്ഷാസന്നാഹങ്ങൾ കൂടുതൽ ശക്തമാക്കി.

RIUTVPM

## ഗുരുവായൂർ-തൃ ശ്ശൂർ റെയിൽ സർവീസ്

കോവിഡ് പ്രതിസന്ധിയെത്തുടർന്ന് നിർത്തിവെച്ചിരുന്ന ഗുരുവായൂർ-തൃശ്ശൂർ റെയിൽ സർവീസ് നാളെ മുതൽ പുനരാരംഭിക്കുന്നു. നാളെ പ്രധാനമന്ത്രി ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്യുന്നതോടെ 10.30 ന് തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ വച്ച് കേന്ദ്രമന്ത്രി സുരേഷ് ഗോപി ഫ്ലാഗ് ഓഫ് ചെയ്യും. യാത്രക്കാരുടെ ഏറെ നാളത്തെ ആവശ്യമാണ് റെയിൽവേ നടപ്പാക്കുന്നത്.

## വനിത സംവരണം-രാംദാസ് അത് വാലെ

സാമൂഹിക നീതി രംഗത്തെ കേന്ദ്ര സർക്കാരിൻ്റെ ശക്തമായ ഇടപെടലാണ് വനിത സംവരണമെന്ന് കേന്ദ്ര സഹമന്ത്രി രാംദാസ് അത് വാലെ പറഞ്ഞു. കോഴിക്കോട് ജില്ലയിൽ സാമൂഹികനീതിവകുപ്പിൻ്റെ പ്രവർത്തനങ്ങളുടെ

അവലോകന യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസന രംഗത്തും കേന്ദ്ര സർക്കാർ അതിവേഗം മുന്നോട്ട് പോവുകയാണെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി കെ രാജൻ-ഇൻട്രോ

പൊതുജനങ്ങൾക്ക് പട്ടയവ്യവസ്ഥകൾ ക്രമവൽക്കരിച്ചുനൽകുന്നതിനും പ്രകൃതിദുരന്തങ്ങൾ മൂലം നശിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായും വെബ് പോർട്ടലുകൾ സജ്ജമാക്കിയതായി മന്ത്രി കെ രാജൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. നിയമസഭയിൽ സ്പീക്കർ എ എൻ ഷംസീർ സുവീഥി പോർട്ടൽ പ്രകാശനം ചെയ്യുമെന്നും മന്ത്രി അറിയിച്ചു. (വോയിസ് - മന്ത്രി കെ രാജൻ)

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## വിഴിഞ്ഞം- വാസവൻ

വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമ്മാണ ഉദ്ഘാടനം ഈ മാസം 24-നു വൈകിട്ട് നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് മന്ത്രി വി എൻ വാസവൻ. ചടങ്ങിൽ കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയായിരിക്കും. വിഴിഞ്ഞത്തെ ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെൻറ് ഹബ് ആക്കാനാണ് ശ്രമമെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## നിയമസഭ തടസപ്പെട്ടു

ശബരിമല സ്വർണ്ണ അപഹരണക്കേസിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. സഭ തുടങ്ങിയപ്പോൾ ചരമോപചാര നടപടികളുമായി സഹകരിച്ച പ്രതിപക്ഷം പിന്നീട്

ശബരിമല വിഷയം ചൂണ്ടിക്കാട്ടി ബാനറുകളുമായി സഭയുടെ നടുത്തളത്തിലിറങ്ങി പ്രതിഷേധിക്കുകയായിരുന്നു. ഇതോടെ സ്പീക്കർ കാര്യപരിപാടികൾ വേഗം പൂർത്തിയാക്കി സഭ പിരിച്ചുവിടുകയായിരുന്നു. ഗവർണറുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദി പ്രമേയ ചർച്ചക്കും ഇന്ന് തുടക്കമായി. സഭ ഇനി ചൊവ്വാഴ്ച ചേരും.

## ശബരിമല സ്വർണക്കൊള്ള

ശബരിമല സ്വർണ അപഹരണക്കേസിൽ കേസിൽ എൻ. വാസുവിൻ്റെ ജാമ്യാപേക്ഷ സുപ്രീം കോടതി തള്ളി. ജസ്റ്റിസ് ദീപാങ്കർ ദത്ത അധ്യക്ഷനായ ബെഞ്ചാണ് ജാമ്യാപേക്ഷ പരിഗണിച്ചത്. ജാമ്യം തേടി വിചാരണക്കോടതിയെ സമീപിക്കാനും കോടതി നിർദ്ദേശിച്ചു. ക്രമക്കേട് നടക്കുന്ന സമയത്ത് ചുമതലയിലുണ്ടായിരുന്ന ആളാണ് എൻ വാസുവെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു. കേസിലെ മറ്റൊരു പ്രതി മുരാരി ബാബുവിന്റെ ജാമ്യഹർജിയിൽ കൊല്ലം വിജിലൻസ് കോടതി നാളെ വിധി പറയും. കസ്റ്റഡിയിൽ ലഭിച്ച തന്ത്രി കണ്ഠര് രാജീവരെ പ്രത്യേക അന്വേഷണസംഘം ഇന്ന് ചോദ്യം ചെയ്തു. തന്ത്രിയുടെ ജാമ്യാപേക്ഷ കോടതി ഈമാസം 28 ന് പരിഗണിക്കും.

RNU TVPM

## തിരുവാഭരണ ഘോഷയാത്ര നാളെ (ഇൻട്രോ)

ശബരിമല സന്നിധാനത്ത് നിന്ന് യാത്ര തിരിച്ച തിരുവാഭരണ ഘോഷയാത്ര നാളെ രാവിലെ പന്തളത്ത് മടങ്ങിയെത്തും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ..**

(വോയിസ്)

## 2020-എൻ ഡിഎ +ജെ എസ് എസ്

ജെ എസ് എസും 20-20 യും എൻ ഡിഎ യിലേക്ക്. തിരുവനന്തപുരത്ത് നടന്ന എൻ ഡിഎ യോഗത്തിൽ ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തീരുമാനം പ്രഖ്യാപിച്ചു. മുൻ എം എൽ എയും ജെ എസ് എസ് സംസ്ഥാന അധ്യക്ഷനുമായ എ വി താമരാക്ഷൻറെ നേതൃത്വത്തിലാണ് ജെ.എസ്.എസ്, എൻ ഡി എയിലെത്തിയത്. 20-20 എൻ ഡിഎയുടെ ഭാഗമായതിൽ സന്തോഷമെന്ന് പാർട്ടി അധ്യക്ഷൻ സാബു എം ജേക്കബിനൊപ്പം നടത്തിയ വാർത്താസമ്മേളനത്തിൽ ശ്രീ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

## റിപ്പബ്ലിക് ദിന പരേഡ്

2026 ലെ റിപ്പബ്ലിക് ദിന പരേഡിൽ 'വന്ദേമാതരത്തിന്റെ 150 വർഷങ്ങൾ' എന്ന പ്രമേയത്തിലെ ടാബ്ലോ സാംസ്കാരിക മന്ത്രാലയം അവതരിപ്പിക്കും. ഇത് ഇന്ത്യയുടെ നാഗരികത, കൂട്ടായ്മ, സംസ്കാരം എന്നിവയുടെ സജീവ രൂപമായ ദേശീയ ഗീതത്തിനെ ടാബ്ലോയിലൂടെ ആവിഷ്കരിക്കും. സംസ്കാരമെന്നത് റിപ്പബ്ലിക്കിന്റെ ഒരു അലങ്കാരമല്ല, മറിച്ച് അതിന്റെ ആത്മാവാണെന്ന് പ്രമേയത്തെക്കുറിച്ച് വിശദീകരിച്ച സാംസ്കാരിക മന്ത്രാലയ സെക്രട്ടറി വിവേക് അഗർവാൾ അഭിപ്രായപ്പെട്ടു.

RNU TVPM

## സന്തോഷ് ട്രോഫി

അസമിൽ നടക്കുന്ന 79-ാം സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിൽ ഗ്രൂപ്പ് ബിയിലെ ആദ്യ മത്സരത്തിൽ പഞ്ചാബിനെതിരെ കേരളത്തിന് ജയം. ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് കേരളം പഞ്ചാബിനെ വീഴ്ത്തിയത്.

## ഇന്ത്യ-ന്യൂസിലാന്റ് ട്വന്റി

ഇന്ത്യ-ന്യൂസിലാന്റ് ട്വന്റി 20 പരമ്പരയിലെ രണ്ടാം മത്സരം നാളെ നടക്കും. വൈകുന്നേരം 7 മണിക്ക് ഛത്തീസ്ഗഡിലെ നവറായ്പ്പൂരിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## കോളിഡോം (ഇൻട്രോ)

ദീർഘകാലമായി ഉണങ്ങാത്ത മുറിവുകൾ ഉണക്കാൻ സഹായിക്കുന്ന 'കോളിഡോം' സാങ്കേതിക വിദ്യ തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി വികസിപ്പിച്ചു. വളർത്തു മൃഗങ്ങളുടെ പിത്താശയത്തിൽ നിന്ന് ചികിത്സയ്ക്കാവശ്യമായ ഉപകരണം നിർമ്മിക്കുന്നതിനായി വികസിപ്പിച്ചെടുത്ത ലോകത്തിലെ ആദ്യ സാങ്കേതിക വിദ്യയാണിതെന്ന് ശ്രീചിത്രയിലെ പാത്തോളജി ഗവേഷകനായ പ്രൊഫസർ ടി. വി. അനിൽ കുമാർ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ഒരു റിപ്പോർട്ട് ...

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഐ എസ് ആർ ഒ

ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ സംഘടനയും യൂറോപ്യൻ ബഹിരാകാശ ഏജൻസിയും സംയുക്തമായി സംഘടിപ്പിക്കുന്ന ഹീലിയോഫിസിക്സ് ശിൽപശാല കോവളത്ത് പുരോഗമിക്കുന്നു. ആധുനിക സൗരശാസ്ത്രമേഖലയിലെ അന്താരാഷ്ട്ര സഹകരണത്തിനു കരുത്തേകുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് ഈ സംഗമം. നാളെ അവസാനിക്കുന്ന ശിൽപശാലയിൽ 40 അന്താരാഷ്ട്ര പ്രതിനിധികൾ ഉൾപ്പെടെ ഏകദേശം 230 ശാസ്ത്രജ്ഞർ പങ്കെടുക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നാളെ വരെ അറിയിക്കാം.

☸☸☸☸☸☸☸☸☸☸☸☸☸

## ജമ്മു കശ്മീർ വാഹനാപകടം

ജമ്മു കശ്മീരിലെ ദോഡ ജില്ലയിലുണ്ടായ വാഹനാപകടത്തിൽ പത്ത് ഇന്ത്യൻ സൈനികർക്ക് വീരമൃത്യു. 11 പേർക്ക് പരിക്കേറ്റു. ഭദർവ-ചംബ അന്തർസംസ്ഥാന പാതയിലെ ഒൻപതിനായിരം അടി ഉയരമുള്ള ഖാനി ടോപ്പിൽ സൈനിക ട്രക്ക് ആഴത്തിലുള്ള കൊക്കയിലേക്ക് മറിയുകയായിരുന്നു.

RNUTVPM

☸☸☸☸☸☸☸☸☸☸☸☸☸

## അപേക്ഷ ക്ഷണിച്ചു.

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

☸☸☸☸☸☸☸☸☸☸☸☸☸

## കേരള കുംഭമേള

കേരള കുംഭമേളയുടെ ഭാഗമായി തിരുനാവായയിലെ യജ്ഞശാലയിൽ പ്രത്യേക ചടങ്ങുകൾ നടന്നു. കാശിയിൽ

നിന്നുള്ള പണ്ഡിറ്റ് മാരുടെ കാർമികത്വത്തിൽ നടക്കുന്ന നിള ആരതിക്കും കനത്ത തിരക്കാണ് അനുഭവപ്പെടുന്നത്. അതിനിടെ, കുംഭമേളയുടെ പ്രധാന ചടങ്ങുകൾ നടക്കുന്ന ഭാരതപ്പുഴയുടെ മധ്യഭാഗത്ത് എത്തിച്ചേരാൻ തയാറാക്കിയ താൽക്കാലിക പാലം ഗതാഗതത്തിനായി തുറന്ന് നൽകി.ഹൈക്കോടതി നിർദ്ദേശത്തെ തുടർന്ന് പാലത്തിന്റെ സുരക്ഷ ഉറപ്പുവരുത്തിയ ശേഷമാണ് അധികൃതർ പാലം കാൽനടയാത്രയ്ക്കായി തുറന്നു നൽകിയത്.

RNU TVPM